## SAMPLE QUESTION PAPER

# D.Ed SEMESTER-III ($S_3$) EXAMINATION

## $S_3P_{17}$ ഭാഷാപഠനവും സാഹിത്യവും

1. Design of the Question Paper.
   - Weightage to content.
   - Weightage to type of Questions.
   - Weightage to Level of Questions.
   - Blue Print of Question Paper.
2. Model Question Paper.
3. Scoring Key & Marking Scheme.
4. Questionwise Analysis.

## $S_3 . P_{17}$ ഭാഷാപഠനവും സാഹിത്യവും

# I Design of Question Paper

## WEIGHTAGE TO CONTENT

| Sl. No. | Name of Unit | No. of Questions | Score | Percentage |
|---|---|---|---|---|
| 1. | ഭാഷാപഠനത്തിൽ സാഹിത്യത്തിനുള്ള സ്ഥാനം | 4 | 11 | 18% |
| 2. | കാവ്യപാരമ്പര്യം | 4 | 10 | 17% |
| 3. | കാവ്യപരിണാമം - ചില നാഴികക്കല്ലുകൾ | 5 | 12 | 20% |
| 4. | ചെറുകഥയും നോവലും | 4 | 7 | 12% |
| 5. | സാഹിത്യവും രംഗകലയും | 3 | 6 | 10% |
| 6 | വൈജ്ഞാനിക സാഹിത്യം | 4 | 7 | 11% |
| 7 | ബാലസാഹിത്യം | 3 | 7 | 12% |
| | **Total** | **27** | **60** | **100** |

## WEIGHTAGE TO TYPE OF QUESTIONS

| Sl. No. | Type | No. of Questions | Score | Percentage |
|---|---|---|---|---|
| 1 | Objective | 10 | 10 | 16.7 |
| 2 | Short answer (Type -1) | 5 | 10 | 16.7 |
| 3 | Short Answer (Type -2) | 10 | 30 | 50 |
| 4 | Essay | 2 | 10 | 16.6 |
| | **Total** | **27** | **60** | **100** |

# Blue Print

| Sl. No. | Name of Unit | Type of Questions | | | | Total Score |
|---|---|---|---|---|---|---|
| | | Objective | Short answer Type 1 | Short answer Type 2 | Essay | |
| | | Score 1 | Score 2 | Score 3 | Score 5 | |
| 1. | ഭാഷാപഠനത്തിൽ സാഹിത്യത്തിനുള്ള സ്ഥാനം | 1 (1) | 1(2) | 1(3) | 1(5) | 4(11) |
| 2. | കാവ്യപാരമ്പര്യം | 1 (1) | - | 3(9) | - | 4(10) |
| 3. | കാവ്യപരിണാമം - ചില നാഴികക്കല്ലുകൾ | 1 (1) | 1(2) | 3(9) | - | 5 (12) |
| 4. | ചെറുകഥയും നോവലും | 2 (2) | 1 (2) | 1 (3) | - | 4(7) |
| 5. | സാഹിത്യവും രംഗകലയും | 1(1) | 1(2) | 1(3) | - | 3 (6) |
| 6. | വൈജ്ഞാനിക സാഹിത്യം | 2 (2) | 1(2) | 1(3) | - | 4 (7) |
| 7. | ബാലസാഹിത്യം | 2 (2) | - | - | 1 (5) | 3 (7) |
| | **Total** | **10 (10)** | **5(10)** | **10 (30)** | **2 (10)** | **27 (60)** |

## WEIGHTAGE TO LEVEL OF QUESTIONS

| ക്രമനമ്പർ | കാഠിന്യനിലവാരം | സ്കോർ | ശതമാനം |
|---|---|---|---|
| 1 | ലളിതം | 12 | 20 |
| 2 | ശരാശരി | 36 | 60 |
| 3 | കഠിനം | 12 | 20 |
| | **Total** | **27** | **100** |

# Diploma in Education (D.Ed) Examination
## Semester -III

## $S_3.P_{17}$ ഭാഷാപഠനവും സാഹിത്യവും

**സ്കോർ : 60** | **സമയം : 2 മണിക്കൂർ**

**സമാശാസ സമയം : 15 മിനിട്ട്**

**നിർദ്ദേശങ്ങൾ**

1. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
2. ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കുന്നതിനും എഴുതേണ്ട മുൻഗണനാക്രമം തീരുമാനിക്കുന്നതിനുമാണ് സമാശ്വാസ സമയമായി ആദ്യത്തെ 15 മിനിറ്റ് അനുവദിച്ചിട്ടുള്ളത്.

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. ''നാങ്കളകുപ്പയിൽ നട്ടൊരു തൃത്ത-
പ്പൂവല്ലെ നിങ്ങളെ തേവനുമാല
നാങ്കള കുപ്പയിൽ നട്ടൊരുവാഴ-
പ്പഴമല്ലെ നിങ്കളെ തേവനുപൂജ'' - ഈ വരികളിലൂടെ പ്രകടമാകുന്നത്.

(a) ജീവിതരീതി (c) ജാതിവ്യവസ്ഥ
(b) കാർഷിക സംസ്കാരം (d) അനുഷ്ഠാന കർമ്മം

2. 'ഓരോരുത്തരും തന്റെ പരിമിതിക്കകത്തു നിന്നു കൊണ്ട് സ്വന്തം ധർമ്മം നിറവേറ്റാൻ നിയുക്തനാണ്' - എന്ന ആശയം അവതരിപ്പിക്കുന്ന കവിതയാണ്

(a) ഹരിതം (b) പൂക്കാതിരിക്കാനെനിക്കാവതില്ലേ
(c) കുരിശിൽ (d) ഞാറ്റുവേലപ്പൂക്കൾ

3. താഴെ പറയുന്നവയിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതി അല്ലാത്തത് ഏത്?

(a) ഉമ്മാച്ചു (b) ബാല്യകാല സഖി
(c) ശബ്ദങ്ങൾ (d) പ്രേമലേഖനം

4.. ''ചാലേ പിരിഞ്ഞുള്ള പൂവുകളാകിന
താരകജാലവുമുണ്ടു ചെമ്മേ
തൂമകലർന്നുള്ള പൂമകരന്ദമാം
കോമള മഞ്ഞുനീർ വീണുമുണ്ട്'' - എന്ന ചൊൽവടിവ് താഴെ പറയുന്നവയിൽ ഏത് കൃതിയിലാണ് പ്രകടമാകുന്നത്?

(a) കല്യാണസൗഗന്ധികം (b) കൃഷ്ണഗാഥ
(c) അദ്ധ്യാത്മരാമായണം കിളിപ്പാട്ട് (d) ശ്രീകൃഷ്ണചരിതം മണിപ്രവാളം

5. നാടകത്തെ നിർണ്ണയിക്കുന്ന പ്രധാനഘടകം ഏത്?

a) രംഗസജ്ജീകരണം (b) കഥാപാത്രം
(c) സംഭാഷണം (d) പ്രേക്ഷകൻ

**(6 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ഉത്തരം ഒരു വാക്കിലോ ഒരു വാക്യത്തിലോ എഴുതുക.1 സ്കോർ വീതം)**

6. ഒരു പഠിതാവ് തിരുവിതാംകൂർ രാജഭരണകാലത്തെ വേഷം, തൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട അന്വേഷണത്തിനായി സി.വി.കൃതികൾ വിശകലനം ചെയ്യുന്നത് സാഹിത്യപഠനത്തിലെ ഏത് മാതൃകയ്ക്ക് ഉദാഹരണമാണ്?
7. മഹാകവി കുമാരനാശാൻ രചിച്ച ബാലസാഹിത്യകൃതി ഏത്?
8. കലാമണ്ഡലം ഹൈദരലി ഏതു കലാരൂപവുമായി ബന്ധപ്പെട്ട വ്യക്തിയാണ്?
9. 'ഭാരതപര്യടനം' എന്ന കൃതി ഏതുസാഹിത്യപ്രസ്ഥാനത്തിൽപ്പെടുന്നു?
10. മലയാളത്തിലെ ആദ്യത്തെ ചെറുകഥയായി പരിഗണിക്കപ്പെടുന്ന കൃതി ഏത്?

**(11 മുതൽ 15 വരെ ചോദ്യങ്ങളുടെ ഉത്തരം രണ്ടോ മൂന്നോ വാക്യത്തിലെഴുതുക. 2 സ്കോർ വീതം)**

11. ചമ്പുക്കൾ എന്നാലെന്ത്?
12. സർഗ്ഗാത്മകത വളർത്താൻ സാഹിത്യപഠനത്തെ എങ്ങനെ പ്രയോജനപ്പെടുത്താം?
13. ഉള്ളടക്ക സ്വഭാവമനുസരിച്ച് നോവലുകളെ എത്രയായി തിരിക്കാം? അവയേവ?
14. ഭാവഗാനങ്ങൾ എന്നാലെന്ത്?
15. ആത്മകഥ ജീവചരിത്രത്തിൽ നിന്ന് എങ്ങനെയൊക്കെ വ്യത്യാസപ്പെട്ടിരിക്കുന്നു?

**(16 മുതൽ 25 വരെ ചോദ്യങ്ങളുടെ ഉത്തരം 50 വാക്കിൽ കവിയാതെ എഴുതുക. 3 സ്കോർ വീതം)**

16. രംഗകലയുമായി ബന്ധപ്പെട്ട് മലയാളത്തിൽ വികസിച്ചു വന്ന ഏതെങ്കിലും ഒരു സാഹിത്യരൂപത്തെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.
17. ''പൂവിലൂടെ ഒരു ജീവിതം തന്നെയാണ് കവി ആവിഷ്കരിക്കുന്നത്'' - 'വീണപൂവ്' എന്ന കാവ്യഭാഗം വിശകലനം ചെയ്ത് ഈ പ്രസ്താവന പരിശോധിക്കുക
18. ''സൂര്യനുദിച്ചു കണ്ടേ താരികന്താരോം
നേരം പുലർന്നുപോയേ താരിതിനന്തോം
ഒരു പിടിഞാറെടുത്തേ താരികന്താരോ
നട്ടിട്ടും തീരുന്നില്ലേ താരിതിനന്തോം
നേരം പുലർന്നുപോയേ താരികന്താരോ
മേനിതളർന്നുപോയേ താരിതിനന്തോം
മാനം കറുത്തുവന്നേ തകതാരിതിനന്തോം
മാരി ചൊരിഞ്ഞുനിന്നേ തകതാരിതിനന്തോം''- ഏതൊക്കെ സാംസ്കാരിക സൂചനകളാണ് ഈ നാടൻ പാട്ടിലൂടെ അനാവരണം ചെയ്യപ്പെടുന്നത്?
19. 'ഭാഷാപഠനത്തിൽ സാഹിത്യത്തിനുള്ള സ്ഥാനം' - എന്ന വിഷയവുമായി ബന്ധപ്പെട്ട സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങൾ മോഡറേറ്റർ എന്ന നിലയിൽ ക്രോഡീകരിക്കുമ്പോൾ എന്തെല്ലാം ആശയങ്ങൾക്കാണ് ഊന്നൽ നൽകുക?
20. 'സരളവും ഋജുവുമായ ഭാഷാശൈലിയും അലങ്കാര സമൃദ്ധിയുമാണ് കൃഷ്ണഗാഥയുടെ പ്രത്യേകത' ഏഴാം തരത്തിലെ 'ഗാനം കേട്ട നേരം' എന്ന പാഠത്തെ ആസ്പദമാക്കി വിശകലനം ചെയ്യുക.
21. 'പണിപ്പാട്ടുകൾ' എന്നറിയപ്പെടുന്ന നാടൻപാട്ടുകളുടെ സവിശേഷതകൾ ഉദാഹരണസഹിതം വിശദമാക്കുക

22. ''മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മൂടിയും മൂടീട്ടു വൻ കറ്റയും
ചൂടിക്കൊണ്ടരിവാൾ പുറത്തു തിരുകി പ്രാഞ്ചിക്കിതച്ചങ്ങനെ
നാടൻ കച്ചയുടുത്തു മേനിമുഴുവൻ ചേറും പുരണ്ടിപ്പൊഴീ
പ്പാടത്തുന്നു വരുന്ന നിൻ വരവുകണ്ടേറെക്കൊതിയ്ക്കുന്നു ഞാൻ''

- ഈ വരികൾ മുക്തകങ്ങളുടെ ഏതൊക്കെ പ്രത്യേകതകൾ പ്രദർശിപ്പിക്കുന്നു.- കുറിപ്പ് തയ്യാറാക്കുക.

23. മുത്തശ്ശിക്കഥകളിൽ നിന്ന് ആധുനിക ചെറുകഥ എങ്ങനെ വ്യത്യസപ്പെട്ടിരിക്കുന്നു എന്ന് 'അടക്കപെറുക്കുന്നവർ' എന്ന കഥയെ ആസ്പദമാക്കി ചർച്ച ചെയ്യുക.

24. 'കാവ്യപാരമ്പര്യത്തിലെ ആദ്യകണ്ണികളാണ് നാടൻപാട്ടുകൾ' - നാടൻപാട്ടുകളിലെ കാവ്യപരമായ സവിശേഷതകൾ ഉദാഹരിച്ചുകൊണ്ട് മേൽപ്പറഞ്ഞ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

25. ശാസ്ത്രസാഹിത്യകൃതികളുടെ പ്രത്യേകതകൾ എന്തെല്ലാം?

**(26, 27 ചോദ്യങ്ങൾക്ക് 250 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. 5 സ്കോർ വീതം)**

26. ബാലസാഹിത്യകൃതിയ്ക്ക് ഉണ്ടായിരിക്കേണ്ട സവിശേഷതകൾ എന്തൊക്കെ? ഏതെങ്കിലും ഒരു ബാലസാഹിത്യ രചനയെ അടിസ്ഥാനപ്പെടുത്തി നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

27. സാഹിത്യപഠനത്തിലെ വ്യത്യസ്ത മാതൃകകൾ ഏവ? സ്കൂൾ മലയാള പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയ ഒരു പാഠഭാഗം ഏതെങ്കിലും ഒരു മാതൃകയെ മുൻനിർത്തി വിശകലനം ചെയ്യുക.

## SCORING INDICATORS

| Qn. No. | Value Points | Total Score |
|---|---|---|
| 1 | ജാതിവ്യവസ്ഥ | 1 |
| 2 | പൂക്കാതിരിക്കാൻ എനിക്കാവില്ലേ | 1 |
| 3 | ഉമ്മാച്ചു | 1 |
| 4 | കൃഷ്ണഗാഥ | 1 |
| 5 | പ്രേക്ഷകർ | 1 |
| 6 | സാംസ്കാരിക മാതൃക | 1 |
| 7 | പുഷ്പവാടി | 1 |
| 8 | കഥകളി | 1 |
| 9 | നിരൂപണം | 1 |
| 10 | വാസനാവികൃതി | 1 |
| 11 | കൂത്തുമായി ബന്ധപ്പെട്ട സാഹിത്യരൂപം<br>ഗദ്യവും പദ്യവും ഇടകലർന്ന രചന | 1<br>1 |
| 12 | സാഹിത്യാസ്വാദനം ഭാവന വളർത്തുന്നു.<br>സർഗാത്മക ചിന്തയെ പരിപോഷിപ്പിക്കുന്നു | 1<br>1 |
| 13 | ചരിത്ര നോവൽ/ സാമൂഹ്യനോവൽ/<br>ശാസ്ത്ര നോവൽ / അപസർപ്പക നോവൽ | 1<br>1 |
| 14. | ശബ്ദഭംഗി, ഗാനാത്മകത, വൈകാരികത, ആത്മനിഷ്ഠത<br>അതിദൈർഘ്യമില്ലാത്ത കവിതകൾ | 1<br>1 |
| 15. | ഒരാൾ സ്വന്തം ജീവിതത്തെ/അനുഭവത്തെ ആസ്പദമാക്കി രചിക്കുന്ന കൃതികളാണ് ആത്മകഥ. ഒരാളുടെ ജീവിതത്തെ ആസ്പദമാക്കി മറ്റൊരാൾ എഴുതുന്നത് ജീവചരിത്രം.<br>ആത്മകഥയ്ക്ക് അത്മനിഷ്ഠതയേറും. ജീവചരിത്രം ഏറെക്കുറെ വസ്തുനിഷ്ഠം. | 1<br>1 |
| 16. | ചമ്പു/ തുള്ളൽ/ ആട്ടക്കഥ/ നാടകം/തിരക്കഥ<br>ഒരു സാഹിത്യരൂപത്തെക്കുറിച്ച് കുറിപ്പ് | 1<br>2 |
| 17. | പൂവ് ഒരു പ്രതീകം<br>മനുഷ്യജീവിതത്തിന്റെ നശ്വരത<br>സ്വന്തം അഭിപ്രായം സായുക്തികം അവതരിപ്പിക്കുന്നു. | 1<br>1<br>1 |
| 18. | അധ്വാനഭാരം ലഘൂകരിക്കാൻ പാട്ടുകളെ പ്രയോജനപ്പെടുത്തുന്നു<br>കർഷകതൊഴിലാളികളുടെ അടിമതുല്യമായ ജീവിത പശ്ചാത്തലം<br>ജന്മികുടിയാൻ വ്യവസ്ഥിതി | 1<br>1<br>1 |
| 19. | ഭാഷാ പാഠ്യപദ്ധതിയിൽ സാഹിത്യത്തിനുള്ള പ്രാധാന്യം<br>ഭാഷാ പഠനം എന്നാൽ ഭാഷാവസ്തുക്കളുടെ പഠനം മാത്രമല്ല<br>സാഹിത്യകൃതികളുടെ സാംസ്കാരികവും സർഗ്ഗാത്മകവും വിമർശനാത്മകവുമായ വിശകലനവും ഉൾക്കൊള്ളുന്നു. | 1<br>1<br>1 |
| 20. | സ്വന്തം നിരീക്ഷണങ്ങൾ സംയുക്തമായി സമർത്ഥിക്കുന്നു. | 3 |

| Qn. No. | Value Points | Total Score |
|---|---|---|
| 21 | അധ്വാനഭാരം ലഘൂകരിക്കുക, കൂട്ടായ്മ സൃഷ്ടിക്കുക | 1 |
| | വായ്ത്താരികൾ | 1 |
| | സവിശേഷതകൾ ഉദാഹരണസഹിതം അവതരിപ്പിക്കുന്നു. | 1 |
| 22. | ഒറ്റ ശ്ലോകത്തിൽ ആശയപൂർത്തി വരുത്തുക. സംസ്കൃതവൃത്ത സ്വീകരണം. | 1 |
| | നേരം പോക്കിന് വേണ്ടിയുള്ള രചിന | 1 |
| | വെൺമണിക്കവികൾ ഏറെ സംഭാവന നൽകി. | 1 |
| 23 | വികാരത്തിനും വൈയക്തിക ഭാവത്തിനും ഏകാഗ്രതയ്ക്കും പ്രാധാന്യം. | 1 |
| | ഉദാഹരിക്കുന്നു. | 2 |
| 24. | കവിതകളുടെ പ്രത്യേകതകളായ സവിശേഷ പ്രയോഗങ്ങൾ അലങ്കാല | |
| | കലപനകൾ, ശബ്ദഭംഗി, താളം, ബിംബകൽപ്നകൾ. | 1 |
| | ഉദാഹരണ സഹിതം സമർത്ഥിക്കുന്നു. | 2 |
| 25. | ഗഹനമായ ശാസ്ത്രാശയങ്ങൾ പൊതുജനങ്ങൾക്ക് വായിച്ച് ഗ്രഹിക്കാവുന്ന | |
| | ലളിതവും ആകർഷകവുമായ രചനകൾ. | 1 |
| | വസ്തുനിഷ്ഠതയ്ക്കും ആധികാരികതയ്ക്കും പ്രാധാന്യം | 1 |
| | പാരായണക്ഷമത | 1 |
| 26 . | കുട്ടികളുടെ വളർച്ചയുടെ വ്യത്യസ്ത ഘട്ടങ്ങളിലെ താല്പര്യങ്ങൾക്കും | 1 |
| | അഭിരുചികൾക്കും ഇണങ്ങിയ കൃതികൾ. | |
| | കുട്ടിയുടെ അനുഭവപരിസരത്തിന് ഇണങ്ങുന്നവ. | 1 |
| | ഭാവനാശേഷിയും ചിന്താശേഷിയും ധാർമ്മിക ബോധവും വളർത്തുന്നവ. | 1 |
| | ചലനാത്മക ശൈലി. | 1 |
| | പാരായണ ക്ഷമത നിലനിർത്തുന്ന രചനാരീതി. | 1 |
| 27. | ഭാഷാ മാതൃക | 1 |
| | സാംസ്കാരിക മാതൃക | 1 |
| | വ്യക്തിവികാസ മാതൃക | 1 |
| | പാഠപുസ്തകത്തിലെ രചനയുടെ വിശകലനം | 2 |
| | **ആകെ സ്കോർ** | **60** |

## QUESTION WISE ANALYSIS

| Sl.No | Unit | Type | Level | Score | Time |
|---|---|---|---|---|---|
| 1 | II | Objective | Average | 1 | 2 minute |
| 2 | III | Objective | Average | 1 | 2 minute |
| 3 | IV | Objective | Average | 1 | 2 minute |
| 4 | III | Objective | Average | 1 | 2 minute |
| 5 | VII | Objective | Easy | 1 | 2 minute |
| 6 | I | Objective | Easy | 1 | 2 minute |
| 7 | VII | Objective | Easy | 1 | 2 minute |
| 8 | V | Objective | Easy | 1 | 2 minute |
| 9 | VI | Objective | Easy | 1 | 2 minute |
| 10 | IV | Objective | Average | 1 | 2 minute |
| 11 | V | Short answer | Average | 2 | 4 minute |
| 12 | I | Short answer | difficult | 2 | 4 minute |
| 13 | IV | Short answer | difficult | 2 | 4 minute |
| 14 | III | Short answer | Easy | 2 | 4 minute |
| 15 | VI | Short answer | Easy | 2 | 4 minute |
| 16 | V | Short answer | Average | 3 | 6 minute |
| 17 | III | Short answer | Average | 3 | 6 minute |
| 18 | II | Short answer | Average | 3 | 6 minute |
| 19 | I | Short answer | Average | 3 | 6 minute |
| 20 | III | Short answer | Average | 3 | 6 minute |
| 21 | II | Short answer | Average | 3 | 6 minute |
| 22 | III | Short answer | Average | 3 | 6 minute |
| 23 | IV | Short answer | Easy | 3 | 6 minute |
| 24 | II | Short answer | Average | 3 | 6 minute |
| 25 | VI | Short answer | Difficult | 3 | 6 minute |
| 26 | VII | Essay | Average | 5 | 10 minute |
| 27 | I | Essay | Difficult | 5 | 10 minute |
| | | | **Total** | **60** | **120 minute** |